**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4446** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൂർത്തിയാക്കിയ പ്രവൃത്തിയുടെ തുക ലഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2018-ൽ കണ്ണൂർ അമ്പലത്തറയിൽ 220 കെ.വി. സോളാർ സബ്സ്റ്റേഷന്റെ കൺട്രോൾ റൂം നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയ പുനലൂർ മണ്ഡലത്തിലെ ഏരൂർ, മുരുക വിലാസം വീട്ടിൽ അനുരാജ് പ്രസ്തുത സ്ഥലത്ത് മറ്റൊരു പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരുന്നെങ്കിലും ഗുരുതരമായ രോഗബാധയെത്തുടർന്ന് രണ്ടാമത്തെ പ്രവൃത്തി പൂർത്തിയാക്കാതെ മരണപ്പെട്ടതിനെ തുടർന്ന് ആദ്യ പ്രവൃത്തിയുടെ തുക ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബം നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 220 കെ.വി സോളാർ സബ്സ്റ്റേഷൻ അമ്പലത്തറയുടെ യാർഡ് മെറ്റലിംഗ് (33 കെ.വി & 220 കെ.വി) പ്രവൃത്തിയുടെ കരാർ ജോലി, കോൺട്രാക്ടറായ അനുരാജ് ആർ (late), മുരുക വിലാസ്, വിളക്കുപാറ, കൊല്ലം അടങ്കൽ തുകയുടെ 31.4% കുറവായി കരാർ ഏറ്റെടുത്തു. കരാർ പ്രകാരം 08.02.2017-ൽ പ്രവൃത്തി തുടങ്ങി മൂന്ന് മാസത്തിനകം (07.05.2017) ജോലി പൂർത്തീകരിക്കുകയും ചെയ്യേണ്ടതായിരുന്നു, എന്നാൽ കരാറുകാരൻ കരാർ ഒപ്പു വെച്ച് മൂന്ന് മാസം കഴിഞ്ഞിട്ടും ജോലി തുടങ്ങുക പോലും ചെയ്തില്ല. പിന്നീട് 'ഗ്രാനൈറ്റ് ലഭ്യതക്കുറവാണ് പ്രവൃത്തി തുടങ്ങുവാൻ കാലതാമസം എടുത്തത്' എന്ന കരാറുകാരന്റെ അഭ്യർത്ഥന മാനിച്ച് ടി ജോലി തുടങ്ങുവാനുള്ള സമയ പരിധി ഒരു മാസം കൂടി നീട്ടി കൊടുത്തു, എന്നാൽ പോലും കരാറുകാരനായ ശ്രീ.അനുരാജ്.ആർ പ്രസ്തുത പ്രവൃത്തി ആരംഭിക്കുക പോലും ചെയ്തില്ല.<br><br>ആയതിനാൽ കരാർ വ്യവസ്ഥ ആർട്ടിക്കിൾ - III പ്രകാരം കരാർ റദ്ദാക്കുകയും, പുതിയ ഒരു കരാർ പ്രാബല്യത്തിൽ വരുത്തി കൊണ്ട് മറ്റൊരു കരാറുകാരനെ ഉപയോഗിച്ച് ടി പ്രവൃത്തി പൂർത്തീകരിക്കുകയുമാണ് ചെയ്തത്. കൂടാതെ കരാർ വ്യവസ്ഥ ലംഘിച്ച അനുരാജിൽ നിന്നും ആർട്ടിക്കിൾ-X പ്രകാരം പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂത്തിയാക്കാത്തതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ-നു വന്നിട്ടുള്ള കഷ്ടനഷ്ടങ്ങൾക്ക്, വകയിരുത്തിയ ചെലവ് ഇനത്തിൽ 19,63,340/- (പത്തൊൻപതു ലക്ഷത്തി അറുപത്തി മൂവായിരത്തി മുന്നൂറ്റി നാൽപ്പതു) രൂപ മാത്രം നിജപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ടി കാര്യം കരാറുകാരനെ 22.04.2019-നു |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ PWD മാന്വൽ ക്ലോസ് നമ്പർ 2116.2.1 പ്രകാരം കരാർ തുകയുടെ 30% വരെ മാത്രമാണ് കഷ്ടനഷ്ടങ്ങളുടെ ഇനത്തിൽ പെടുത്താവുന്നത്, ആയതിനാൽ കരാർ തുകയായ 57,94,797/- രൂപയുടെ 30% ആയ 17,38,439/- രൂപ മാത്രമാണ് PWD മാന്വൽ പ്രകാരം കഷ്ടനഷ്ടങ്ങളുടെ ഇനത്തിൽ വകയിരുത്തിയത്. ടി കരാറുകാരൻ മുൻ കാലങ്ങളിൽ ചെയ്ത കരാർ ജോലിയുടെ ഭാഗമായി കെട്ടിവെച്ച നിരതദ്രവ്യ തുകയായ 14,64,522/- രൂപ കെ.എസ്.ഇ.ബി.എൽ ന്റെ അക്കൗണ്ടിൽ നീക്കി ഇരിപ്പുണ്ട്.<br><br>ആയതിനാൽ കെ.എസ്.ഇ.ബി.എൽ അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയായ 14,64,522/- കഴിച്ച് ബാക്കി വരുന്ന തുകയായ 2,73,917/- അദ്ദേഹത്തിന് കെ.എസ്.ഇ.ബി - യോടുള്ള സാമ്പത്തിക ബാധ്യതയാണ്. കൂടാതെ ടി കരാറുകാരൻ 2017 -ലെ WP(C) No. 31509നമ്പർ പ്രകാരം ഒരു റിട്ട് പെറ്റീഷൻ കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ, ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ. |
| (ബി) | എങ്കിൽ പ്രസ്തുത പ്രവൃത്തി ചെയ്ത വകയിൽ ലഭിക്കാനുള്ള പതിനാറ് ലക്ഷത്തി നാൽപതിനായിരം രൂപയുടെ ബിൽ തുക ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | രണ്ടാമത്തെ പ്രവൃത്തിയുടെ കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റ് ഇനത്തിൽ കെ.എസ്.ഇ.ബി.എൽ നോടുള്ള സാമ്പത്തിക ബാധ്യത നിറവേറുന്നതിനായാണ് ആദ്യ കരാർ ജോലി (കൺട്രോൾ റൂം നിർമ്മാണവുമായി ബന്ധപെട്ട ഫാൾസ് സിലിങ്ങും അലുമിനിയം ക്ലാഡിങ് ജോലി) വകയിലുള്ള ബില്ല് തുക KSEBL അക്കൗണ്ടിൽ നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുള്ളത്. ഈ ഇനത്തിൽ അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ള തുകയായ 14,64,522/- രൂപ കൂടാതെ, അനുരാജിന് 2,73,917/-രൂപയുടെ സാമ്പത്തിക ബാധ്യത KSEBL- നോട് ഉണ്ട്. മാത്രവുമല്ല കരാറുകാരനായ അനുരാജ് 2017-ലെ WP(C) No.31509 നമ്പർ പ്രകാരം ഒരു റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ. |
| (സി) | ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന | (സി) | രണ്ടാമത്തെ പ്രവൃത്തിയുടെ കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ റിസ്ക് ആൻഡ് കോസ്റ്റ് |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ രണ്ടാമത്തെ പ്രവൃത്തി പൂർത്തിയാക്കാത്തതിന്മേലുള്ള പെനാൽറ്റി തുക ഒഴിച്ച് ബാക്കി തുക അനുരാജിന്റെ കുടുംബത്തിന് നൽകുന്നതിന് അടിയന്തിരമായി നിർദേശം നൽകുമോ; വിശദമാക്കാമോ? | | ഇനത്തിൽ കെ.എസ്.ഇ.ബി.എൽ നോടുള്ള സാമ്പത്തിക ബാധ്യത നിറവേറ്റുന്നതിനായാണ് ആദ്യ കരാർ ജോലി (കൺട്രോൾ റൂം നിർമ്മാണവുമായി ബന്ധപെട്ട ഫാൾസ് സിലിങ്ങും അലുമിനിയം ക്ലാഡിങ് ജോലി) വകയിലുള്ള ബില്ല് തുക KSEBL അക്കൗണ്ടിൽ നീക്കിയിരുപ്പായി സൂക്ഷിച്ചിട്ടുള്ളത്. ഈ ഇനത്തിൽ അക്കൗണ്ടിൽ നിലനിർത്തിയിട്ടുള്ള തുകയായ 14,64,522/- രൂപ കൂടാതെ, അനുരാജിന് 2,73,917/-രൂപയുടെ സാമ്പത്തിക ബാധ്യത KSEBL- നോട് ഉണ്ട്. മാത്രവുമല്ല കരാറുകാരനായ അനുരാജ് 2017-ലെ WP(C) No.31509 നമ്പർ പ്രകാരം ഒരു റിട്ട് പെറ്റീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാനാകൂ. |

സെക്ഷൻ ഓഫീസർ